**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 274** **11.06.2012-ൽ മറുപടിക്ക്.**

**പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; | : (എ) ) സ്വന്തമായി കെട്ടിടമില്ലാത്ത 78 പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | : (ബി) ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 25 ലക്ഷം രൂപ പോലീസ് ആധുനികവൽക്കരണ പദ്ധതി (2011-12 സ്കീം) പ്രകാരം കെട്ടിട നിർമ്മാണത്തിനായി കെ.പി.എച്ച്.സി.സി.യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ജലസേചനവകുപ്പ് സ്ഥലം വിട്ടുനൽകിയിട്ടുണ്ടോ;<br><br>(ഡി) കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളത് എന്ന് വെളിപ്പെടുത്തുമോ;<br><br>(ഇ) തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | : (സി), (ഡി) & (ഇ)<br><br>ജലസേചന വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമായാലുടൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### സ്വന്തമായി കെട്ടിടമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം സിറ്റി | 4 |
| 2. | തിരുവനന്തപുരം റൂറൽ | 12 |
| 3. | കൊല്ലം സിറ്റി | 5 |
| 4. | കൊല്ലം റൂറൽ | 4 |
| 5. | പത്തനംതിട്ട | 5 |
| 6. | കോട്ടയം | 3 |
| 7. | ആലപ്പുഴ | 5 |
| 8. | ഇടുക്കി | 2 |
| 9. | കൊച്ചി സിറ്റി | 6 |
| 10. | എറണാകുളം റൂറൽ | 1 |
| 11. | തൃശ്ശൂർ സിറ്റി | 2 |
| 12. | തൃശ്ശൂർ റൂറൽ | 2 |
| 13. | പാലക്കാട് | 2 |
| 14. | മലപ്പുറം | 9 |
| 15. | കോഴിക്കോട് സിറ്റി | 3 |
| 16. | കോഴിക്കോട് റൂറൽ | 5 |
| 17. | വയനാട് | 2 |
| 18. | കണ്ണൂർ | 5 |
| 19. | കാസർഗോഡ് | 1 |
| **ആകെ** | | **78** |